# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 178      09.06.2014-ൽ മറുപടിയ്ക്ക്

## പീഡനത്തിരയായ കുട്ടികളുടെ വിവരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷമുള്ള ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് നാളിതുവരെ ഓരോ വർഷവും പീഡനത്തിനിരയായ കുട്ടികൾ എത്ര; കാണാതായ കുട്ടികൾ എത്ര; സംസ്ഥാനത്ത് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവന്ന കുട്ടികൾ എത്ര; വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷമുള്ള ജില്ലകളിലെ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് നാളിതുവരെ ഓരോ വർഷവും പീഡനത്തിനിരയായ കുട്ടികൾ, കാണാതായ കുട്ടികൾ, മറ്റു സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവന്ന കുട്ടികൾ എന്നിവ വർഷം തിരിച്ച് **അനുബന്ധം 'എ'** ആയി ചേർത്തിരിക്കുന്നു. |
| (ബി) പോലീസ് കേസ്സ് രജിസ്റ്റർ ചെയ്യാത്ത ഇത്തരം കേസ്സുകൾ എത്ര; | (ബി) പോലീസ് കേസ്സ് രജിസ്റ്റർ ചെയ്യാത്ത ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ സംഭവങ്ങളിലും കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നു. |
| (സി) പോലീസ് ഇവ സംബന്ധിച്ച് ഓരോ ജില്ലയിലും ഓരോ വർഷവും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ പീഡന കേസ്സുകളിൽ പ്രതികളായവർ എത്ര; അതിൽ ഇരകളുടെ ബന്ധുക്കൾ എത്ര; പോലീസ്, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ എത്ര കേസ്സുകളിൽ പ്രതികളായിട്ടുണ്ട്; പ്രതികളായ പോലീസ്, മറ്റ് ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) ഇതു സംബന്ധിച്ച് ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരവും, പീഡനക്കേസുകളിലെ പ്രതികളുടെ എണ്ണവും അതിൽ ഇരകളുടെ ബന്ധുക്കളുടെ എണ്ണവും മറ്റു പ്രതികളുടെ എണ്ണവും പോലീസ് / മറ്റു ഉദ്യോഗസ്ഥർ എന്നിവർ പ്രതികളായിട്ടുള്ള കേസുകളുടെ എണ്ണവും **അനുബന്ധം 'ബി'** ആയും പ്രതികളായ പോലീസ്, മറ്റ് ഉദ്യോഗസ്ഥരുടെ പേരു വിവരം **അനുബന്ധം 'സി'** ആയും ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ആൺകുട്ടികൾക്കെതിരെ പീഡനം കൂടിവരുന്നത് ചൈൽഡ് ലൈൻ രേഖകളിൽ കാണപ്പെടുന്നതും ഇതിലും പോലീസ് ഉദ്യോഗസ്ഥർവരെ ഉൾപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടുവോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | എങ്കിൽ ആയത് തടയുവാൻ ആഭ്യന്തര വകുപ്പ് എന്ത് അടിയന്തിര നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ജനമൈത്രീ പോലീസ് എന്നിവ മുഖേന ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ കുട്ടികൾക്കിടയിൽ ആവശ്യമായ അവബോധം നൽകിവരുന്നു. |

17/6/16

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്